ഇമെയിൽ: centnursery@kau.in
ഫോൺ: 0487 2438620

# കേരള കാർഷിക സർവ്വകലാശാല
## പ്ലാൻറ് പ്രൊപഗേഷൻ ആൻറ് നഴ്സറി മാനേജ്മെൻറ് യൂണിറ്റ്
## വെള്ളാനിക്കര, തൃശ്ശൂർ— 680 656

നമ്പർ: സി. ഡി.-339/10

തീയ്യതി: 22.11.2022

**ലേലം/ക്വട്ടേഷൻ നോട്ടീസ്**

കേരള കാർഷിക സർവ്വകലാശാല സെൻട്രൽ നഴ്സറിയുടെ കീഴിലുള്ള കോക്കനട്ട് ഡവലപ്പ്മെൻറ് ഫാമിൽ ഉൽപ്പാദിപ്പിച്ച് വിളവെടുത്ത 4303 നാളികേരം വിൽക്കുവാൻ തീരുമാനിച്ചിരിയ്ക്കുന്നു. നാളികേരം വാങ്ങുവാൻ താത്പര്യമുള്ളവരിൽ നിന്നും മത്സരാടിസ്ഥാനത്തിൽ രഹസ്യ ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

ഒരു കിലോഗ്രാം വെട്ടിത്തൂക്കം നാളികേരത്തിന് നൽകാൻ ഉദ്ദേശിക്കുന്ന പരമാവധി തുക രേഖപ്പെടുത്തിയ ക്വട്ടേഷനുകൾ സ്റ്റേഷൻ മേധാവിയ്ക്ക് സമർപ്പിയ്ക്കേണ്ടതാണ്.

**ലേല സമയം:** **09/12/2022 രാവിലെ 11.30 am**

**ലേല സ്ഥലം:** **പി.പി.എൻ.എം.യു.,ഓഫീസ്,വെള്ളാനിക്കര**

എല്ലാ സർക്കാർ ക്വട്ടേഷനുകൾക്കുമുള്ള നിബന്ധനകൾ ഇതിനും ബാധകമാണ്.

**നിബന്ധനകൾ**

1. ക്വട്ടേഷനിൽ പങ്കെടുക്കുന്നവർക്ക് **09/12/2022** രാവിലെ 10.00 ന് നാളികേരം കാണാവുന്നതാണ്.
2. രഹസ്യ ക്വട്ടേഷൻ നൽകുന്നവർ സ്ഥലത്തും സമയത്തും ഹാജരായി 500 രൂപ നിരതദ്രവ്യം രാവിലെ 11.00 മണിയ്ക്ക് മുൻപായി ഓഫീസിൽ ലഭ്യമാകേണ്ടതാണ്. രഹസ്യ ക്വട്ടേഷനുകൾ **09/12/2022** തീയ്യതിയിൽ രാവിലെ 11.00 മണിയ്ക്ക് മുൻപ് ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്.
3. വെട്ടിത്തൂക്കം നാളികേരത്തിന്റെ വില അക്കത്തിലും അക്ഷരത്തിലും എഴുതി പ്രൊഫസ്സർ & ഹെഡ്, പി.പി.എൻ.എം.യു, വെള്ളാനിക്കരയുടെ പേരിൽ നൽകേണ്ടതാണ്. ക്വട്ടേഷൻ ഒട്ടിച്ച് സീൽ ചെയ്ത കവറിന് മുകളിൽ പ്ലാന്റ് പ്രൊപഗേഷൻആൻഡ് നഴ്സറി മാനേജ്മെന്റ് യൂണിറ്റിലെ വെട്ടിത്തൂക്കം നാളികേരം എടുക്കുന്നതിനുള്ള ക്വട്ടേഷൻ എന്ന് എഴുതിയിരിക്കണം..
4. ക്വട്ടേഷൻ സമർപ്പിയ്ക്കുന്ന വ്യക്തി ഐഡിന്റിറ്റി കാർഡിന്റെ പകർപ്പ് ക്വട്ടേഷനൊപ്പം വെയ്ക്കേണ്ടതാണ് അല്ലാത്തപക്ഷം ക്വട്ടേഷൻ നിരസിയ്ക്കുന്നതാണ്.
5. ഏറ്റവും കൂടുതൽ തുക രേഖപ്പെടുത്തിയ ക്വട്ടേഷൻ മറ്റ് വ്യവസ്ഥകൾക്ക് വിധേയമായി ലേലം/ക്വട്ടേഷൻ സ്ഥിരപ്പെടുത്തുന്നതാണ്.

6. ക്വട്ടേഷനുകൾ യാതൊരു കാരണവും കാണിക്കാതെ നിരാകരിക്കാനുള്ള അധികാരം പ്ലാൻറ് പ്രൊപഗേഷൻആൻഡ് നഴ്സറി മാനേജ്മെന്റ് യൂണിറ്റ് മേധാവിയിൽ നിക്ഷിപ്തമായിരിയ്ക്കും. സർക്കാർ ക്വട്ടേഷനുകൾക്കുള്ള എല്ലാ നിബന്ധനകളും ഈ ക്വട്ടേഷനും ബാധകമായിരിയ്ക്കും.
7. ലേലം പിടിച്ചയാൾ **09/12/2022** ന് 3 മണിയ്ക്ക് മുൻപായി മുഴുവൻ ലേല തുകയും അടച്ച് രസീതി വാങ്ങേണ്ടതാണ്. അതിനുശേഷം മാത്രമേ നാളികേരം നീക്കം ചെയ്യാൻ അനുവദിയ്ക്കുകയുള്ളൂ. നാളികേരം 10 ദിവസത്തിനകം നീക്കം ചെയ്യേണ്ടതാണ്.
8. വെട്ടിത്തുക്കം നാളികേരം പ്രവർത്തി ദിവസങ്ങളിലും സമയത്തും ഫാം സൂപ്രണ്ടിന്റെ അനുമതിയോടെ നീക്കം ചെയ്യേണ്ടതാണ്.
9. ഏതെങ്കിലും കാരണവശാൽ മുകളിൽ പറഞ്ഞ തിയ്യതി അവധി ദിവസമാണെങ്കിൽ തൊട്ടടുത്ത പ്രവർത്തി ദിവസം മുകളിൽ പറഞ്ഞ സമയത്തും സ്ഥലത്തും ലേലം നടത്തുന്നതായിരിയ്ക്കും.
10. ലേലം കൊണ്ടയാൾ ലേലവ്യവസ്ഥകൾ പാലിക്കാതെ വന്നാൽ ലേലം റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിയ്ക്കുന്നതാണ്. ലേലം റദ്ദാക്കി പുനർലേലം ചെയ്യേണ്ടി വരുന്നത് കൊണ്ട് സർവ്വകലാശാലയ്ക്ക് നഷ്ടമുണ്ടായാൽ ആദ്യ ലേലക്കാരനിൽ നിന്നും ഈടാക്കുന്നതാണ്

പ്രൊഫസ്സർ & ഹെഡ്

Professor & Head
Plant Propagation & Nursery Management Unit
Kerala Agricultural University
Vellanikkara-680 656

പകർപ്പ് :

1. ഫാം സൂപ്രണ്ട്/ ഫാം മാനേജർ
2. പി.പി.എൻ.എം.യു നോട്ടീസ് ബോർഡ്/ ഫയൽ
3. കെ.എ.യു,എസ്റ്റേറ്റ് നോട്ടീസ് ബോർഡ്
4. കെ.എയു കാൻറീൻ പരിസരം

Plant Propagation and Nursery Management Unit
Vellanikkara, KAU P.O.
Date....................
Thrissur-680 656
Kerala Agricultural University